പോലീസ് സേനയിലെ ക്രിമിനലുകൾ

58. [58] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ക്രിമിനലുകൾ ഉണ്ടെന്ന മുൻ ഡി. ജി. പി. യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രിമിനലുകളെ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടികളാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോലീസ് സേനയിൽ ക്രിമിനലുകളെ കണ്ടെത്താൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ

59. [59] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർ പ്രതികളായി എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) 2006 ജനുവരി വരെ ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയ എത്ര കേസ്സുകൾ ഉണ്ട്;

(സി) എത്ര സർക്കാർ ജീവനക്കാർ ഇതിൻ പ്രകാരം ശിക്ഷിക്കപ്പെട്ടു; അവരുടെ തസ്തികയും പേരുവിവരവും വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷനുകളിൽ 2004-2005-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊലപാതക കേസ്സുകൾ

60. [60] ശ്രീ. ഇസ്മായിൽ കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly